എടുത്തുവരുകയാണ്. സെക്രട്ടറി ചെയർമാനും സഹകരണസംഘം രജിസ്ട്രാർ, ശ്രീ. കരുണാകരൻ നമ്പ്യാർ, ശ്രീ. ഗംഗാധരൻ നായർ, ശ്രീ. മൊയ്തു തുടങ്ങിയവരാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. സംസ്ഥാന സഹകരണ ബാങ്കിന്റെ എം. ഡി. യും ഇതിൽ അംഗമാണ്. പ്രൈമറി അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെയും പ്രൈമറി സഹകരണ സംഘങ്ങളിലേയും അതുപോലെ ഭവനനിർമ്മാണ സഹകരണ സംഘങ്ങളിലേയും ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമായിരിക്കും. ഏറ്റവും ചുരുങ്ങിയത് 75 രൂപയും കൂടിയത് 125 രൂപ വരെയും ലഭിക്കുന്ന ഒരു ശമ്പള പരിഷ്കരണം നടപ്പിലാക്കി അതിന്റെ പൂർണ്ണമായ രൂപം ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ ഈ ശമ്പള പരിഷ്കരണംമൂലം ഒരു ജീവനക്കാരനു ലഭിക്കുന്ന മറ്റു പല ആനുകൂല്യങ്ങളുണ്ട്. 200 രൂപ മെഡിക്കൽ അലവൻസ് ഉണ്ട്. അതിൽ കൂടാതെയും ഉണ്ട്. ഹൗസ് അലവൻസിനെ സംബന്ധിച്ചിടത്തോളം കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ കോർപ്പറേഷനുകളിൽ 150 രൂപയും അതുപോലെ മുനിസിപ്പൽ–പഞ്ചായത്ത് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകൾ തുടങ്ങിയ സ്ഥലങ്ങളിൽ 100 രൂപയും അല്ലെങ്കിൽ അവരുടെ ശമ്പളത്തിന്റെ ആറു ശതമാനവും ബാക്കിയുള്ള സ്ഥലങ്ങളിൽ പത്തു രൂപയുടെ സ്ഥാനത്ത് 20 രൂപയുമാക്കിക്കൊണ്ടുള്ള ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്. എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്.

2. പൊക്കാളി നിലങ്ങളിലെ പമ്പിംഗിന് ഈടാക്കുന്ന കറൻറ് ചാർജ്ജ്

ശ്രീ. ടി. കെ. അബ്ദു: സർ, എറണാകുളം ജില്ലയിൽ പടിഞ്ഞാറൻ പ്രദേശങ്ങൾ മുഴുവൻ പൊക്കാളി നിലങ്ങളാണ്. പൊക്കാളി കൃഷി ചെയ്യുന്നതിന് ഓരു വെള്ളം കടക്കാതിരിക്കുന്നതിനു വേണ്ടി ബണ്ട് കെട്ടി കൃഷി ചെയ്യുകയാണ്. വിത നടക്കുന്ന കാലങ്ങളിൽ വെള്ളം അധികരിച്ചുവന്നാൽ പമ്പുചെയ്ത് പുറത്തേക്ക് കളയുന്നതിനുവേണ്ടി മോട്ടോർവച്ച് വെള്ളം അടിക്കുന്ന സമ്പ്രദായമുണ്ട്. അങ്ങനെ വെള്ളം അടിക്കുന്നതിനുവേണ്ടിയുള്ള പമ്പ് വർക്ക് ചെയ്യുന്നത് ഒരു മാസത്തിനുതാഴെമാത്രമാണ്. ആറ്റെട്ടു കൃഷിക്കാർക്കുവേണ്ടിയാണ് ഒരു മോട്ടോർ വച്ചിട്ടുള്ളത്. അവരിൽനിന്ന് ഒരു മാസം ഈടാക്കുന്നത് 360 രൂപയാണ്. മിനിമം ഗാരണ്ടി വച്ചായിരിക്കും അത് ഈടാക്കുന്നതെന്ന് ചിലപ്പോൾ മന്ത്രി പറയുമായിരിക്കും. പന്ത്രണ്ടു മാസവും അവരിൽനിന്ന് പൈസ ഈടാക്കി. ഈ വർഷത്തിലാണെങ്കിൽ പൊക്കാളി കൃഷി അവിടെ നടന്നിട്ടില്ല. അൽപ്പം കൃഷി അവിടെ നടന്നതുതന്നെ പകുതി പകുതിയായിട്ടാണ് കൊയ്തത്. ഇപ്പോൾ കുട്ടനാടൻ പ്രദേശങ്ങളിലും തൃശ്ശൂരിലെ കോൾ നിലങ്ങളിലുള്ള കൃഷിക്കാർക്ക് ഗവൺമെൻറ് പമ്പിംഗ് സബ്സിഡി കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ട്. എറണാകുളം ജില്ലയിൽമാത്രം ഈ പാവപ്പെട്ട കൃഷിക്കാരെ സഹായിക്കുന്നില്ല. അവർ വൈദ്യുതിക്കു വേണ്ടി അപേക്ഷിച്ചിട്ടുണ്ട്. കൃഷി ചെയ്യാനുള്ള ആഗ്രഹമുണ്ട്. 360 രൂപ വച്ച് പന്ത്രണ്ടു മാസവും അവരോട് ഈടാക്കുന്നത് മനുഷ്യത്വമില്ലാത്ത പ്രവൃത്തിയാണ്. അദ്ധ്വാനവർഗ്ഗത്തിനുവേണ്ടി നിലകൊള്ളുന്ന ഈ ഗവൺമെൻറ് അവരെ അതിൽനിന്നു ഒഴിവാക്കിത്തരണമെന്ന് വിനീതമായി ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം പറഞ്ഞ സ്ഥലം എവിടെയാണെന്ന് അദ്ദേഹത്തിന്റെ സബ്മിഷനിൽനിന്ന് വ്യക്തമല്ല. എങ്കിലും 300-ൽ കൂടുതൽ രൂപ ഈടാക്കുന്ന രണ്ട് പമ്പു സെറ്റ് കണക്ഷനുകൾമാത്രമേ ആ പ്രദേശത്തുള്ളു

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പേര് എന്റെ കൈവശമുണ്ട്. ഒന്ന് പ്രസിഡന്റ്, മിച്ചഭൂമി കർഷകസംഘം, കൊമംഗലം, മറ്റൊന്ന് എം. എ. വർഗ്ഗീസ്, മാളിയേക്കൽ, കുഴിപ്പള്ളി ഇങ്ങനെ രണ്ടുപേരാണ് മുന്നൂറിൽ ചില്വാനം രൂപ പ്രതിമാസം കൊടുക്കുന്നത്. ഒരു മാസമാണെങ്കിലും രണ്ടു മാസമാണെങ്കിലും സ്ഥിരം കണക്ഷനെടുത്താൽ മിനിമം ഗ്യാരന്റി അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽ മിനിമം അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. ഒരു കൊല്ലത്തെ മൊത്തം കറന്റിന്റെ കൺസംപ്ഷനെടുത്ത് അതിനെ 12 കൊണ്ട് ഭാഗിച്ചാണ് ഓരോ മാസവും ഇലക്ട്രിസിറ്റി ബോർഡ് വാട്ടർ പമ്പിംഗിന് ഉപ്പെടെയുള്ള തുക നിശ്ചയിക്കുന്നത്. അദ്ദേഹം പമ്പിംഗ് സബ്സിഡിയെപ്പറ്റി പറഞ്ഞു. അതിനെക്കുറിച്ച് ഞാൻ എന്തെങ്കിലും പറയാൻ ഉദ്ദേശിക്കുന്നില്ല. അത് എങ്ങനെയാണെന്ന കാര്യം ഗവൺമെന്റിന്റെ പൊതുവായ നയത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതാണ്. അതിൽ പറയുന്നതിൽ കുറച്ച് ഇലക്ട്രിസിറ്റി മാത്രമേ ഉപയോഗിച്ചുള്ളൂ എന്ന് മീറ്റർ റീഡിംഗിൽ ബോദ്ധ്യമായാൽ 6 മാസത്തിലൊരിക്കൽ കുറയുന്ന സംഖ്യ വകവച്ചുകൊടുക്കുന്ന സമ്പ്രദായം ഇപ്പോഴും നിലവിലുണ്ട്. അതുകൊണ്ട് ഒന്നുകൂടി മീറ്റർ റീഡിംഗ് എടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വില വളരെ തുച്ഛമാണ്. അങ്ങ് അറിഞ്ഞിരിക്കണം, 11 പൈസയാണ് ഒരു യൂണിറ്റ് ഇലക്ട്രിസിറ്റിക്ക് വാങ്ങുന്നത്. ലോകത്ത് എങ്ങും ഇത്രയും കുറഞ്ഞ വില കാണുകയില്ല. മീറ്റർ റീഡിംഗിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് തീർച്ചയായും പമ്പ് ഉപയോഗിക്കുന്ന ആളുകൾക്ക് വകവച്ചുകൊടുക്കാൻ നിയമമുണ്ട്. ഒന്നുകൂടി ഈ കാര്യം പരിശോധിക്കാൻ ഗവൺമെന്റ് ഉത്തരവാദപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. യഥാർത്ഥ ഉപയോഗത്തിന് അപ്പുറമായി പൈസ വാങ്ങുന്ന പതിവില്ല. പ്രത്യേകിച്ചും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ കുറഞ്ഞ വിലയ്ക്കാണ് അവർക്ക് ഇലക്ട്രിസിറ്റി കൊടുക്കുന്നത്. ഈ കാര്യത്തിൽ ഒരു പരിശോധനകൂടി നടത്താനും മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ വകവച്ചുകൊടുക്കാനും തയ്യാറാണ്. അദ്ദേഹം ആവശ്യപ്പെട്ടത് ഇത് ഇളവു ചെയ്ത് കൊടുക്കണമെന്നാണ്. അതിന് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് അധികാരമില്ല. ഇലക്ട്രിസിറ്റി ഉപയോഗിക്കുന്നവർക്ക് ഇലക്ട്രിസിറ്റിയുടെ തുക ഇളവു ചെയ്തുകൊടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് കുട്ടനാടും തൃശ്ശൂരും ഉൾപ്പെടെ പമ്പിംഗിന്റെ മുഴുവൻ ചെലവുകളും ഗവൺമെന്റ് വഹിക്കുന്നത്. ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ്, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിലേക്ക് ബിൽ കൊടുക്കുകയും ഓരോ സീസണിലും ഉപയോഗിച്ച മൊത്തം ഇലക്ട്രിസിറ്റിയുടെ തുക ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കുകയുമാണ് ചെയ്യുന്നത്. ഈ പ്രദേശവും അങ്ങനെ ഉൾപ്പെടുമെങ്കിൽ ആ രീതിയിലാകാം. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഒരു കോമേഴ്സ്യൽ സ്ഥാപനമെന്ന രീതിയിൽ മീറ്ററിൽ കാണുന്ന യൂണിറ്റിന്റെ തുക അടയ്ക്കാതിരിക്കാൻ നിവൃത്തിയില്ല. എന്തെങ്കിലും വ്യത്യാസം കാണുന്നുണ്ടെങ്കിൽ അത് തിരിച്ചുകൊടുക്കാനോ ഇല്ലെങ്കിൽ ഭാവിയിൽ അഡ്ജസ്റ്റ് ചെയ്തുകൊടുക്കാനോ ഇന്ന് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കാം.

3. മുഖത്താർ കടൽപ്പുറത്ത് പോലീസ് അതിക്രമം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സർ, കോഴിക്കോട് മുഖത്താർ എന്ന പ്രദേശത്ത് 9-11-1986 ഞായറാഴ്ച രാവിലെ മുതൽ തിങ്കളാഴ്ച അർദ്ധരാത്രി വരെ പോലീസ് നരനായാട്ടു നടത്തുകയായിരുന്നു. സംഭവത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly